ഹയർ സെക്കൻററിവിദ്യാഭ്യാസ
ഡയറക്റ്ററുടെ കാര്യാലയം
ഹൗസിങ് ബോർഡ് ബിൽഡിംഗ്
തിരുവനന്തപുരം-1

**Acd C4/73551/HSE/2017** **11/05/2017**

## സർക്കുലർ

വിഷയം: ഹയർ സെക്കണ്ടറി വിദ്യാഭ്യാസം- മധ്യ വേനലവധിക്കാലത്ത് ഹയർ സെക്കണ്ടറി സ്കൂളൂകളിൽ ക്ലാസ്സുകൾ നടത്തുന്നത് നിരോധിച്ചുകൊണ്ട് നിർദ്ദേശം നൽകുന്നത്- സംബന്ധിച്ച്

സൂചന:- 1. 6/5/2016 ലെ Acd C4/720089/HSE/2017 നംബർ സർക്കുലർ
2. 22/4/20176 ലെ No. 2922/11/LA2/2017/KeSCPCR നംബർ ബഹു. ബാലാവകാശ കമ്മീഷൻ കത്ത്
3. 4/5/2017 ലെ G3/2019/2017-G.EDN നംബർ സർക്കാർ കത്ത്

സൂചന 1 പ്രകാരം സംസ്ഥനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ മധ്യ വേനലവധിക്കാലത്ത് ക്ലാസ്സുകൾ നടത്തുന്നത് നിരോധിച്ചു കൊണ്ട് കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

സൂചന 2 പ്രകാരം ബഹു ബാലാവകാശ സംരക്ഷണ കമ്മീഷൻ, മധ്യ വേനലവധി ക്കാലത്ത് കേരളത്തിലെ ഒരു സ്കൂളിലും ക്ലാസുകൾ നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്താൻ സർക്കാറിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

സൂചന 3 പ്രകാരം ബഹു കമ്മീഷന്റെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിക്കാനും അവ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്താനും സർക്കാർ നിർദ്ദേശിച്ചിരിക്കുകയാണ്.

മേൽ സാഹചര്യത്തിൽ മധ്യ വേനലവധിക്കാലത്ത് ക്ലാസ്സുകൾ നടത്തരുതെന്ന് സംസ്ഥാനത്തെ എല്ലാ സർക്കാർ/എയിഡഡ്/അൺ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൾ മാർക്കും ഇതിനാൽ കർശന നിർദ്ദേശം നൽകുന്നു.

ഇതിൽ വീഴ്ച്ച വരുത്തുന്ന സ്കൂൾ അധികാരികൾ/ പ്രിൻസിപ്പൽമാർ ക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട ആർ.ഡി.ഡി മാർ ഉറപ്പാക്കേണ്ടതാണ്.

ഒപ്പ്
ഡോ. പി.പി പ്രകാശൻ
ജോയിൻറ് ഡയറക്ടർ (അക്കാഡമിക്)
ഡയറക്ടർ ഇൻ ചാർജ്

1. എല്ലാ ആർ.ഡി.ഡി മാർക്കും
2. എല്ലാ പ്രിൻസിപ്പൽമാർക്കും
3. എല്ലാ മാനേജർമാർക്കും